IX ക്രമപ്രശ്നം

സഭപാസ്സാക്കുന്ന അനൗദ്യോഗിക പ്രമേയങ്ങളിൻമേലുള്ള അനന്തര നടപടികൾ

ശ്രീ. കെ. പ്രകാശ് ബാബു : നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കുന്ന പ്രമേയങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ഫോളോ അപ് ആക്ഷൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാനിത് ഉന്നയിക്കുന്നത്. പ്രൈവറ്റ് മെമ്പർ ബിൽ പരിശോധിക്കുന്നതിന് കമ്മിറ്റിക്ക് അധികാരമുണ്ട്. ആ പ്രൊസീഡ്യൂവറിൽ പറഞ്ഞിരിക്കുന്നത് ബില്ലിന്റെയും പ്രമേയത്തിന്റെയും പർപ്പസ് സെർവ് ചെയ്യുന്നതിനാവശ്യമായിട്ടുള്ള മിനിമം സമയത്തിനകം ഗവൺമെന്റ് അതിൽ നടപടിയെടുക്കുന്നകാര്യം കമ്മിറ്റിയ്ക്ക് പരിശോധിക്കാമെന്നാണ്. പക്ഷെ നമ്മൾ പാസ്സാക്കുന്ന പ്രമേയങ്ങൾ പലതും കോൾഡ് സ്റ്റോറേജിലേയ്ക്ക് പോകുകയാണ്. അതിൽ ഒരു തുടർച്ചയായ നടപടിയിലേയ്ക്ക് വരുത്താൻ കഴിയുന്നില്ല. സി.ഡി. റേഷ്യോയെക്കുറിച്ചും പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും നിരവധി പ്രമേയങ്ങൾ നമ്മൾ പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ചില സമീപനങ്ങൾ, അപ്പോൾ ആ പാസ്സാക്കുന്ന പ്രമേയങ്ങൾ നടപ്പിലാക്കുന്നതിൽ നമ്മുടെ കമ്മിറ്റി അത് പരിശോധിക്കുന്നതോടൊപ്പം ഗവൺമെന്റിന് ഒരു ബാദ്ധ്യതയുണ്ട്. അതൊന്ന് ensure ചെയ്യുന്നതിനാണെങ്കിലും ഒരു നടപടിക്രമമുണ്ടാകണം. ബഹുമാനപ്പെട്ട സ്പീക്കർ അതിന് മുൻകൈയെടുത്ത്, സഭയുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ടുതന്നെ നമുക്ക് അത് പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനങ്ങൾകൂടി ആലോചിക്കണം. അല്ലെങ്കിൽ ഇതെല്ലാം പാഴായിപ്പോകും. മരിച്ച് ജീവിച്ച് കോൾഡ് സ്റ്റോറേജിലേയ്ക്ക് പോകുകയാണ്. എന്തായാലും അതൊഴിവാക്കാൻ നടപടിയുണ്ടാകണം.

മി. സ്പീക്കർ : അങ്ങ് ഉന്നയിച്ച വിഷയം നമ്മുടെ റൂളിൽ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യം തന്നെയാണ്. റൂൾ 220 (ഇ) -യിൽ പറയുന്നുണ്ട് 220 (e) to examine and report to the Assembly, Whether –

(i) the resolutions passed by the Assembly, from time to time have been implemented and where implemented whether such implementation has taken place within the minimum time necessary for the purpose; and

(ii) the assurances, promises, undertakings etc., given by Ministers, from the time to time, on the floor of the Assembly relating to Private Member's Bills or Private Members's Resolutions have been implemented and where implemented such implementation has taken place within the minimum time necessary for the purpose. സ്പെസിഫിക്കായിട്ട് പറയുന്നുണ്ട്. അതിനെ സംബന്ധിച്ച് ഞാൻ അങ്ങയുടെ നോട്ടീസ് ചെയർമാന് കൊടുത്തിട്ടില്ല. കമ്മിറ്റി ചെയർമാന് സെർവ് ചെയ്തിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തിനോട് ചോദിക്കാനുള്ള അവകാശം എനിക്കില്ല എന്നാലും അദ്ദേഹത്തിന് എന്തെങ്കിലും പറയുവാനുണ്ടോ എന്ന് ചോദിക്കുകയാണ്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : ചില കാര്യങ്ങളൊക്കെ കമ്മിറ്റി അന്വേഷിക്കുകയും അതുപോലെ തെളിവെടുപ്പ് നടത്തുകയുമൊക്കെ ചെയ്തിട്ടുണ്ട്. പ്രധാനമായും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ, അതിനെക്കുറിച്ച് ദീർഘമായ റിപ്പോർട്ടുതന്നെ സഭയിൽ അവതരിപ്പിച്ചു. അതിനുള്ള മറുപടിയൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : ആക്ഷൻ ടേക്കൺ റിപ്പോർട്ട് കൊടുക്കണ മല്ലോ, ഞാൻ ചെയർമാനോട് സംസാരിച്ചപ്പോഴും അങ്ങനെയൊരു റിപ്പോർട്ടി ലേയ്ക്ക് വരുന്നില്ല. ആക്ഷൻ ടേക്കൺ റിപ്പോർട്ട് വരുകയും അതിന്റെ ഫോളോഅപ്പ് ആയിട്ടുള്ള മറ്റ് നടപടികളിലേയ്ക്ക് പോകുമ്പോഴല്ലേ നമ്മൾ പാസ്സാക്കിയതിന്റെ പ്രയോജനം വരുന്നുള്ളൂ, അതിലോട്ട് വരണം അതാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : റിപ്പോർട്ടാവശ്യപ്പെടുന്ന പ്രമേയങ്ങളാണ് അധികവും വരുന്നത്. നമ്മൾ സാമാന്യമായി എഴുതിവിടുന്നുവെന്നാണ് അവർ പറയുന്നത്, അവരാണ് തീരുമാനിക്കേണ്ടത് എന്നുള്ള രീതിയാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇത്തരം പ്രമേയങ്ങൾ ബഹുമാനപ്പെട്ട ചെയർമാൻ പറഞ്ഞത് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെടുന്നതിനാണല്ലോ ഇംപ്ലിമെന്റേഷന് ഭരണപരമായ ഒരു ബുദ്ധിമുട്ടുള്ളത്. കേരള ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയങ്ങളും പാസ്സാക്കിയിട്ടുണ്ടല്ലോ? അപ്പോൾ ഈ കാര്യത്തിൽ ചെയർ ഒരു നിലപാടെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് നമുക്ക് അഭ്യർത്ഥിക്കാനേ പറ്റൂ. കേരള ഗവൺമെന്റിന് ചില ഉത്തരവാദിത്വങ്ങളുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ സ്പെസിഫൈ ചെയ്ത് അതിന് ഫോളോ അപ്പ് ആക്ഷനുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ കാര്യത്തിൽ മാത്രമേ മറ്റുള്ള delicasy വരികയുള്ളൂ.

മി. സ്പീക്കർ : അപ്പോൾ ഒരു കാര്യം ചെയ്യാം. ശ്രീ. കെ. പ്രകാശ്ബാബു ഇവിടെ ഉന്നയിച്ചത് വളരെ നന്നായി. അപ്പോൾ അങ്ങയുടെ നോട്ടീസുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായ പരിശോധനയ്ക്കുവേണ്ടി, അതിൽ സെൻട്രൽ ഗവൺമെന്റിനുള്ള റെസല്യൂഷൻ ഉണ്ട്. സ്റ്റേറ്റിന്റെ റെസല്യൂഷനുണ്ട്. അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞല്ലോ അതെല്ലാം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി കൺസേൺഡ് കമ്മിറ്റിയിലെ ചെയർമാനെ ഏർപ്പെടുത്തുന്നു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം (തുടർച്ച)

(ii) പ്രമേയങ്ങൾ

(1) ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. രാജു : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുകയാണ്.

"ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "നോർക്ക" വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിനും ഇവരുടെ യാത്ര, കുടുംബാംഗങ്ങളുടെ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ഗൾഫ് മേഖലകളിൽ തൊഴിലവസരങ്ങൾ കുറയുന്നതുമൂലം മടങ്ങിവരുന്നവരുടെ പുനരധിവാസം തുടങ്ങിയ കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോടും ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോടും ഈ സഭ ആവശ്യപ്പെടുന്നു.

വിദേശരാജ്യങ്ങളിൽ ഇന്ത്യാക്കാരായ ഏകദേശം 68 ലക്ഷത്തോളം ആളുകൾ ഉണ്ടെന്നാണ് ഏകദേശം കണക്ക്. 68 ലക്ഷത്തോളം ഭാരതീയർ

LIBRARY ARCHIVES Kerala Legislative Assembly